# തിരുവിതാംകൂർ ദേവസ്വം ബോർഡ്.

ദേവസ്വം കമ്മീഷണർ ആഫീസ്,
തിരുവനന്തപുരം, 13/5/2015

ആർ.ഒ.സി.നം. 7/15/എസ്.

അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ

വിഷയം:- ശാന്തിക്കാരുടെ പൊതു സ്ഥലം മാറ്റം- 2015 സംബന്ധിച്ച്.

സൂചന:-1. ഈ ആഫീസിലെ 28-1-14-ലെ സർക്കുലർ ഉത്തരവ്.

2. ദേവസ്വം ബോർഡാഫീസിലെ 3-5-14-ലെ ആർ.ഒ.സി. 942/2013/മിസ്.1. നമ്പർ ഉത്തരവ്.

3. ദേവസ്വം ബോർഡാഫീസിലെ 11-5-15-ലെ ആർ.ഒ.സി. 942/2013/മിസ്.1. നമ്പർ ഉത്തരവ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധികാരപരിധിയിൽപ്പെട്ട ക്ഷേത്രങ്ങളിൽ ശാന്തിലാവണങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് സൂചന (1) സർക്കുലർ ഉത്തരവും സൂചന (2) ബോർഡുത്തരവും തൽക്കാലം മരവിപ്പിച്ചുകൊണ്ട് അതിന് മുമ്പുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് സൂചന (3) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ആയതിനാൽ 2013 കാലഘട്ടത്തിൽ നിലവിലിരുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് ആയിരിയ്ക്കും 2015-ലെ പൊതു സ്ഥലം മാറ്റം. പ്രസ്തുത സ്ഥലംമാറ്റ ഉത്തരവ് ഡബ്ലിയു.പി.(സി) 13082/2014-നമ്പർ കേസിന്റെ അന്തിമവിധിയ്ക്ക് വിധേയമായിരിയ്ക്കുമെന്ന് വ്യക്തമാക്കികൊണ്ട് സ്ഥലംമാറ്റ ഉത്തരവുകൾ പുറപ്പെടുവിയ്ക്കാവുന്നതാണ്. ഇപ്രകാരമുള്ള സ്ഥലംമാറ്റങ്ങൾ 20-6-2015-ൽ നടപ്പിൽ വരത്തക്കവിധം നടപടി സ്വീകരിക്കേണ്ടതാണ്. സ്ഥലംമാറ്റ അപേക്ഷകളിൽ ഗ്രൂപ്പുവിട്ടുള്ളത് ഈ ആഫീസിലും ഗ്രൂപ്പിനുള്ളിലുള്ളത് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസിലും 20-5-2015-നോ അതിനുമുമ്പായിട്ടോ ലഭിക്കേണ്ടതാണ്. 10-6-2015-ന് മുമ്പായി ഗ്രൂപ്പിനുള്ളിലെ സ്ഥലംമാറ്റ ഉത്തരവുകൾ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ പുറപ്പെടുവിക്കേണ്ടതും അവയുടെ പകർപ്പുകൾ 13-6-15-നകം ഈ ആഫീസിൽ ലഭ്യമാക്കേണ്ടതുമാണ്. അപ്പീൽ അപേക്ഷ 15-6-2015-നകം ഈ ആഫീസിൽ അയച്ചിരിയ്ക്കണമെന്നുള്ള വിവരവും ജീവനക്കാരെ അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

ദേവസ്വം കമ്മീഷണർ

DC Office
-5.15
Copy forwarded to the E.D.P. Section for publishing Official Website.
13/5/15